(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി4/1514/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ,കോഴിക്കോട്

ഇ-മെയിൽ -dokkd.ksad@kerala.gov.in

വെബ്-www.lfa.kerala.gov.in

ഫോൺ-0495 2371012

തീയതി:07.09.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൂത്താളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂത്താളി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഒന്നാം ഭാഗത്തെ ഖണ്ഡികയിലേയ്ക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി4/1514/2019 തിയ്യതി:07.09.2019

## <u>കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.11.2018 മുതൽ 24.07.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### <u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എം വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 26.07.2019 മുതൽ 06.08.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.കരുണാകരൻ എം<br>ഓഡിറ്റ് ഓഫീസർ |
| | | |

| | | |
|---|---|---|
| | | ശ്രീ.എൻ രാജീവൻ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ജാസിർ സി.എം<br>ഓഡിറ്റർ |
| | | ശ്രീ.ഷിബിൻ കെ.എസ്<br>ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.പി അസ്സൻകുട്ടി | 01.04.02018 മുതൽ<br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ജേക്കബ് ജോർജ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| വി.ഇ.ഒ | ശ്രീ മനോജ് വി.കെ | 01.04.2018 മുതൽ<br>31.03.2019 വരെ |
| | കുമാരി ഷീബ എം.വി | 01.04.2018 മുതൽ<br>31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി റിജ പി.ടി | 01.04.2018 മുതൽ<br>13.05.2018 വരെ |
| | ശ്രീ.വിഷ്ണു എസ് കുമാർ | 14.05.2018 മുതൽ<br>16.01.2019 വരെ |
| | ശ്രീ.ജേക്കബ് ജോർജ്<br>സെക്രട്ടറി<br>(അഡീഷണൽ ചാർജ്) | 17.01.2019 മുതൽ<br>12.03.2019വരെ |
| | ശ്രീ.സുനിൽകുമാർ കെ.ടി | 13.03.2019 മുതൽ<br>31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ശബരീഷ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | ഡോ.അഭിലാഷ്<br>ആർ.ജെ | 01.04.2018 മുതൽ<br>31.03.2019വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ബിന്ദു എസ് | 01.04.2018 മുതൽ |

| | | |
|---|---|---|
| ഹോമിയോ | | 17.06.2018 വരെ |
| | ഡോ.വിവേക് കെ.വി | 18.06.2018 മുതൽ 31.03.2019 വരെ |
| എെ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ക്ലാര വി.ജെ | 01.04.2018 മുതൽ 30.07.2018 വരെ |
| | ശ്രീമതി രജനി പി | 01.08.2018 മുതൽ 31.03.2019 വരെ |
| | ശ്രീ.രാധാകൃഷ്ണൻ ടി | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീമതി സിജിന എ | 01.04.2018 മുതൽ 08.07.2018 വരെ |
| ഹെഡ്മാസ്റ്റർ ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ലീന ടി.കെ | 09.07.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ മുജീബ് സി | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം ( ACR പ്രകാരം ) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| | | |

| | | |
|---|---|---|
| 12 | വരവ് കണക്കുകൾ - പൊതു അപാകതകൾ | 1-12 |
| 13 | ചെലവ് കണക്കുകൾ - പൊതു അപാകതകൾ | 1-13 |
| | ഭാഗം - 2 | |
| 14 | വരവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-1 |
| | ഭാഗം - 3 | |
| 15 | ചെലവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | 3-1 |
| | ഭാഗം - 4 | |
| 16 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 17 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 18 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 19 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 20 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 21 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 22 | ഓഡിറ്റ് റിക്കവറി | 4-7 |
| 23 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 24 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 26 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 27 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം - 1 |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

12.03.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച

ബജറ്റ് 02.02.2019 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 8.05.2019 | | |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2855606 |
| വരവ് | 54390672 |
| ആകെ | 57246278 |
| ചെലവ് | 52301487 |
| നീക്കിയിരിപ്പ് | 4944791 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10937000 | 10937000 | 109370000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4456000 | 4456000 | 4000199 | 455801 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 58000 | 58000 | 0 | 58000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5572000 | 5572000 | 3252205 | 2319795 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2780000 | 2780000 | 2156536 | 623464 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6770292 | 6770292 | 4855592 | 1914700 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 5696 | 103314 | 109010 | 109010 | 0 |
| ദുരിതാശ്വാസനിധി | | 1750 | 22240 | 23990 | 8000 | 15990 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 56031589 | 56031589 | 56031589 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 350623 | 999954 | 1350577 | 1310389 | 40188 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| എെ.സി.ഡി.എസ് | | 844956 | 538225 | 1383181 | 793244 | 589937 |
| എം.പി ഫണ്ട് | | 137892 | 483174 | 621066 | 484059 | 137007 |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| 1.ശുചിത്വ മിഷൻ ഫണ്ട് | | 2719600 | 1402382 | 4121982 | 218837 | 3903145 |
| 2.വിമുക്തി ഫണ്ട് | | 24800 | 25000 | 49800 | 23678 | 26122 |
| 3.പ്രാദേശിക മുൻഗണനാ പ്രവൃത്തി | | 0 | 984900 | 984900 | 984900 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 359510 | 225000 | 584510 | 225000 | 359510 |
| | ജില്ലാ പഞ്ചായത്ത് | 0 | 1312767 | 1312767 | 1212767 | 100000 |
| ബി ഫണ്ട് | | 0 | 561280 | 561280 | 561280 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 485282 | 8236965 | 8722247 | 8022315 | 699932 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1482816 | 4688803 | 6171619 | 3878425 | 2293194 |
| | ട്രഷറി അക്കൗണ്ട് | 485282 | 9963763 | 10449045 | 9749113 | 699932 |
| മറ്റിനം | | | | | | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 122 | 65065755 | 81 | 37521209 | 2 | 39 | 66 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 350623 | 999954 | 1350577 | 1310389 | 40188 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 56031589 | 56031589 | 56031589 | 0 |
| ആകെ | 350623 | 57031543 | 57382166 | 57341978 | 40188 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 197280 | 120 |
| കർഷകതൊഴിലാളി പെൻഷൻ | 8952200 | 705 |
| വിധവാപെൻഷൻ | 7340400 | 599 |
| വാർദ്ധക്യകാലപെൻഷൻ | 10852500 | 906 |
| വികലാംഗപെൻഷൻ | 2489000 | 194 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 308000 | 24 |
| വിവാഹ ധനസഹായം | 60000 | 2 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട

ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10371/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു/

# 1-9 ആഭ്യന്തരനിയന്ത്രണം

കൂത്താളി ഗ്രാമപഞ്ചായത്ത് 2 വില്ലേജ് ഓഫീസുകളുടെ പരിധിയിൽ കൊയിലാണ്ടി താലൂക്കിലാണ് സ്ഥിതി ചെയ്യുന്നത്. 16000 ത്തിൽ പരം ജനസംഖ്യയുള്ള പഞ്ചായത്തിന് 14.13 ചതുരശ്ര കിലോമീറ്റർ ഭൂവിസ്തൃതി ഉണ്ട്. വർഷത്തിൽ 4000 ത്തിനോടടുത്ത് തപാലുകൾ കൈകാര്യം ചെയ്യേണ്ടി വരുന്ന പഞ്ചായത്തിൽ 3 സീനിയർ ക്ലാർക്കുമാരും 4 ക്ലാർക്കുമാരും 1 സൂപ്പർന്യൂമററി ക്ലാർക്കുമാണുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടുണ്ട്. ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് പഞ്ചായത്ത് ശ്രദ്ധ ചെലുത്തുന്നുണ്ട്. തപാലുകൾ ജീവനക്കാർക്ക് ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി കൃത്യമായി വിതരണം ചെയ്യുന്നുണ്ട്. കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതായ അറ്റന്റൻസ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ഓഫീസ് ഓർഡർ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്.എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നതായി രജിസ്റ്റർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുവെന്ന്ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബിൽ രജിസ്റ്റർ, ചെക്ക് & ഡ്രാഫ്ററ് രജിസ്ററർ, ഡി.സി.ബി ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, നികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡിപ്പോസിററ് രജിസ്ററർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

(1)1 പാർട്ട് ടൈം ജീവനക്കാരനുൾപ്പെടെ 13ജീവനക്കാർ ജോലി ചെയ്യുന്ന കാര്യാലയത്തിലെ ജീവനക്കാർക്ക് 16.09.2017ലെ 7/2017 നമ്പർ ഉത്തരവ് പ്രകാരം ജോലി

വിഭജിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ജോലി വിഭജനത്തിൽ ഹെഡ് ക്ലാർക്ക്, അക്കൗണ്ടന്റ് എന്നിവരുടെ ചുമതലകൾ രേഖപ്പെടുത്തിയിട്ടില്ല.

(2)പേഴ്സണൽ രജിസ്റ്റർ എല്ലാ ജീവനക്കാരും എഴുതി സൂക്ഷിക്കുന്നില്ല.

(3)സൂചിക സോഫ്റ്റ്‌വെയറിലൂടെയുള്ള ഫയൽ ട്രാക്കിംഗ് ഫലപ്രദമായി നടപ്പാക്കിയിട്ടില്ല. സൂചിക-സഞ്ചയ-സേവന സോഫ്റ്റ്‌വെയറുകൾ സംയോജിക്കാത്തതാണ് ഇതിന് കാരണം.

(4)ഓഡിറ്റ് വർഷത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(5)റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

(6)നിക്ഷേപ പ്രവൃത്തികൾക്ക് പണം നൽകുന്നുണ്ടെങ്കിലും പ്രവൃത്തി പുരോഗതി നിരീക്ഷിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ/ ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.02.2019 | ജനുവരി 2019 | Ktly/09/2018-19/Pau, Dt-25.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.02.2010 മുതൽ 20.02.2010 വരെ | 2004-05 മുതൽ 2008-09 വരെ | LBA(HQ)111/8B-499/655, Dt-19.03.2010 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച 3,59,510/- രൂപ 2018-19 വർഷത്തിലും തിരിച്ചടയ്ക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നു.
2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a) Capital work in progress ഇനത്തിൽ 11,22,334/- രൂപ 2017-18 വർഷത്തിലെ നീക്കിയിരിപ്പ് തുക തന്നെയാണ്. ഇത് ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. ഇ-ടെണ്ടർ മുഖേന ലഭിക്കുന്ന ടെണ്ടർഫോറം വില വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈയിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വെച്ച തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക എത്രയാണെന്ന കണക്കുകളും പഞ്ചായത്തിൽ ലഭ്യമല്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം, നിർമ്മിക്കപ്പെട്ടവ ആസ്തിയായി വരവ് വെച്ചോ എന്നീ കാര്യങ്ങൾ വ്യക്തമല്ല.
5. അസി. എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളിലെ VAT, GST(CGST, SGST) തുകകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-12 വരവ് കണക്കുകൾ -പൊതു അപാകതകൾ

<u>1-12.1. തൊഴിൽനികതി – അപാകതകൾ</u>

i) <u>രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പിലെ അപാകതകൾ</u>

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം രേഖപ്പെടുത്തിയ പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റ് അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. എന്നാൽ കൂത്താളി ഗ്രാമപഞ്ചായത്തിലെ ചില സ്ഥാപനങ്ങൾ സമർപ്പിച്ച പത്രികകളിൽ അടിസ്ഥാന ശമ്പളത്തിന്റെയോ ആറ് മാസത്തെ ശമ്പളത്തിന്റെയോ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1)ജി.എൽ.പി.എസ്, പൈതോത്ത്

2) കാനറാ ബാങ്ക്, കൂത്താളി

3) ഖാദി ഉൽപ്പന്ന കേന്ദ്രം, കൂത്താളി

4)ജെ.എം. വുഡ് ഇൻഡസ്ട്രിയൽ

5)തണ്ടോറപ്പാറ ക്ഷീരോൽപ്പാദന സഹകരണസംഘം

**ii) <u>തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല</u>**

കുത്താളി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ്/ കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 1/434 സി | വിജയ് ഫെർട്ടിലയിസേഴ്സ് | 3 |
| 2 | 6/363 | തണൽ ഫ്ലോർമിൽ | 2 |
| 3 | 2/574 | സുഭിക്ഷ കോക്കനട്ട് | 10 |
| 4 | 13/390 എ ബി | സൂര്യ റിംഗ് വർക്ക്സ് | 3 |
| 5 | 10/81 എ | വി.കെ.ബ്രദേഴ്സ് | 2 |
| 6 | 2/175 | റേമ ടെക്സ്റ്ററയിൽസ് | 2 |
| 7 | 13/301 | ഡിവൈൻ മെറ്റൽ വർക്സ് | 2 |
| 8 | 6/102 | എസ്.ആർ.കെ ഇന്റർലോക്ക്സ് | 4 |
| 9 | 5/303 | റഹ്മത്ത് ഫ്ലോർമിൽ | 2 |
| 10 | 1/350 | എവൺ ഹോട്ടൽ | 2 |
| 11 | 5/48 എ&ബി | കാഫില ഷോപ്പിംഗ് സെന്റർ | 2 |
| 12 | 5/43 എ&ബി | 3 സ്റ്റാർ ബേക്കറി | 2 |
| 13 | 3/12 | വുഡ്ഷൈൻ ഫർണിച്ചർ | 2 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ

ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നം, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൃത്യമായ ഫീൽഡ് പരിശോധന നടത്തി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും സെക്രട്ടറിയും ഉറപ്പുവരുത്തേണ്ടതാണ്.

## <u>1-12.2.ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2018-19 വർഷത്തിൽ കുത്താളി ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 215 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2018 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 39 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

മറ്റ് അപാകതകൾ

1. 2018-19 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ഡി&ഒ ലൈസൻസ് അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല.ചില ലൈസൻസ് അപേക്ഷകളിൽ സ്ഥാപനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു എന്നത് പോലും രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച പല ഡി & ഒ അപേക്ഷകളിലും വിറ്റുവരവ് കോളം, ലൈസൻസ് ആവശ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ പൂരിപ്പിച്ചിട്ടില്ല. അപേക്ഷകളിൽ ആവശ്യമായ

ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷമാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**1-12.3.സഞ്ചയ സോഫ്റ്റ്‌വെയർ സാങ്കേതിക പ്രശ്നങ്ങൾ**

വസ്തു നികുതി കൈകാര്യം ചെയ്യുന്നതിനായാണ് ഐ.കെ.എം സഞ്ചയ സഞ്ചയ സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തത്. 2013-14 പ്രാബല്യത്തിൽ സഞ്ചയയിൽ വസ്തു നികുതി അസസ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്തി വസ്തു നികുതി ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റം വരുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഡിജിറ്റലൈസ് ചെയ്ത വിവരങ്ങളിൽ തെറ്റുകളുണ്ടെങ്കിൽ ആയവ പരിഹരിക്കുന്നതിനാണ് പ്യൂരിഫിക്കേഷൻ പ്രോസസ്സ് നടത്തുന്നത്.ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വസ്തു നികുതി അസസ്മെന്റ് രേഖകൾ, നികുതി ഡിമാന്റ് രജിസ്റ്റർ, ആവശ്യമെങ്കിൽ വിവരങ്ങളിലെ ആധികാരികത ഉറപ്പാക്കുന്നതിന് ഫീൽഡ് അന്വേഷണം നടത്തിയുമാണ് മേൽ പ്രോസസ്സ് നടത്തുന്നത്. ഇത്തരത്തിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തിയതിന് ശേഷം മുൻപ് ഡിജിറ്റലൈസ് ചെയ്ത വിവരങ്ങളിൽ തെറ്റുകൾ സംഭവിക്കുന്നുണ്ട്. ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1.കെട്ടിട നികുതി ബാക്ക് അസസ്മെന്റ് നടത്തുമ്പോൾ മുൻവർഷത്തെ ഡിമാന്റുകളിൽ നികുതി വർദ്ധനവ് ഉണ്ടാകുന്നു.

ഉദാ-8/73 കെട്ടിട നമ്പറിലുള്ള ശ്രീ.ബാബു വടക്കേ ചാലിൽ എന്നയാളിന്റെ കെട്ടിടത്തിൽ നികുതി പ്യൂരിഫിക്കേഷന് 2018-19 സാമ്പത്തിക വർഷം മുതൽ കെട്ടിട നികുതി വർദ്ധനവ് ഉണ്ടാകുന്നു.

2.വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പ്യൂരിഫിക്കേഷൻ നടത്തിയതിന് ശേഷം നികുതി ക്രമാതീതമായി വർദ്ധിക്കുന്നു. 2017-18 വരെ വാണിജ്യ കെട്ടിടങ്ങൾക്കുള്ള നികുതി 189250/- രൂപയായിരുന്നു. 2018-19 വർഷത്തിൽ പ്യൂരിഫിക്കേഷൻ നടത്തിയതിന് ശേഷം ആയത് 367970/- രൂപയായി വർദ്ധിച്ചു. 2018-19 സാമ്പത്തിക വർഷം 178720/- രൂപ വർദ്ധനവ് ഉണ്ടാകുന്നു. എന്നാൽ 2018-19 വർഷം പുതുതായി നോൺ റസിഡെൻഷ്യൽ ഇനത്തിൽ 51163 രൂപയുടെ നിർമ്മാണങ്ങളാണ് നടന്നിട്ടുള്ളത്.

റെസിഡെൻഷ്യൽ ഇനത്തിൽ 2017-18 വർഷത്തിലെ ഡിമാന്റ് 965927/- രൂപയും 2018-19 ആയത് പ്യൂരിഫിക്കേഷന് ശേഷം 896357/- രൂപയുമാണ്. 69570/- ഡിമാന്റിൽ കുറവ് ഉണ്ടാകുന്നു. എന്നാൽ 2018-19 റെസിഡെൻഷ്യൽ ഇനത്തിൽ അനുവദിക്കപ്പെട്ട പുതിയ നമ്പറുകളുടെ ആകെത്തുക62515 രൂപയാണ്. നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ നികുതി തുക 10114/- രൂപയാണ്.

3.പ്യൂരിഫിക്കേഷന് ശേഷം മുൻനികുതിയുമായി വലിയ ഏറ്റക്കുറച്ചിലുകൾ കണ്ടു വരുന്നു. ആയത് ഡിമാന്റുകളെ ബാധിക്കുന്നു.

പരിഹാര മാർഗ്ഗങ്ങൾ

മേൽ അപാകതകൾ എെ.കെ.എം സാങ്കേതിക തലത്തിൽ പരിഹരിക്കേണ്ടവയായതിനാൽ ആയത് ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12.4.അനധികൃത കെട്ടിട നിർമ്മാണം – തുടർനടപടികൾ കാര്യക്ഷമമാക്കണം

കൂത്താളി ഗ്രാമപഞ്ചായത്തിൽ വാർഡ് 5ൽ ഉൾപ്പെട്ട നസ്രത്തുൽ ഇസ്ലാം സഭയ്ക്ക് വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് റി.സ 42/2 നമ്പറിൽ 15 സെന്റിൽ 393.93 $m^2$ വാണിജ്യാവശ്യത്തിന് ബിൽഡിംഗ് പെർമിറ്റ് ബി.എൽ. 8/10-11 തീയതി-08/11/2013 അനുവദിക്കുകയും ഈ പെർമിറ്റ് 08/11/13 മുതൽ 07/11/16 വരെ പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. 17/09/2015 ന് (ഫയൽ നം-എ1 4215/15) ഈ കെട്ടിടത്തിന്റെ ഉപയോഗക്രമം ഗ്രൂപ്പ് ഡി അസംബ്ലി കെട്ടിടമാക്കി നിർമ്മാണം നടത്തി 849.9 $m^2$ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പ്ലാൻ അപേക്ഷകൻ സമർപ്പിച്ചു. (റി.സ നം.44/4,45, പ്ലോട്ട് ഏരിയ-148.8 സെന്റ്) ഓവർസീയർ സ്ഥലപരിശോധന നടത്തുകയും 19/12/2015 ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. കേരള പഞ്ചായത്ത്രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും ലംഘിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് അപേക്ഷ നിരസിച്ചു. അപാകതകൾ പരിഹരിച്ച് പ്ലാൻ സമർപ്പിക്കുന്നതിനു പകരം 18/11/2016 ന് (ഫയൽ നം-5906/16) കെട്ടിടത്തിന്റെ തരം മാറ്റി, വാണിജ്യ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായി റി.സ നം.42/2, 43/3, 43/4 നമ്പറുകളിലായി 163.8 സെന്റ് ഭൂമിയിലുള്ള 886.73$m^2$ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ പ്ലാൻ സമർപ്പിക്കുകയാണ് ചെയ്തത്. അനധികൃത നിർമ്മാണമാണ് എന്നുള്ള അസി.എഞ്ചിനിയറുടെ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് അപേക്ഷ നിരസിച്ചു.

08/06/2018 ന് (ഫയൽ നം-എ1 1449/2018) വാണിജ്യാവ്യശ്യത്തിനുള്ള കെട്ടിടത്തിനുള്ള നമ്പർ ലഭിക്കുന്നതിനായി കെട്ടിടമുടമ വീണ്ടും അപേക്ഷ നൽകി.ഇത് പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 788.24 $m^2$ (പ്ലോട്ട് ഏരിയ-170.1 സെന്റ് - റി.സ നം.42/2, 43/3, 43/4). കെട്ടിടത്തിന്റെ ഉപയോഗ തരം അസംബ്ലി കെട്ടിടമായിരിക്കെ (ഗ്രൂപ്പ് ഡി) തന്നെ, വാണിജ്യാവശ്യങ്ങൾക്കായ് സമർപ്പിച്ച അപേക്ഷ കേരള പഞ്ചായത്ത് രാജ് നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണെന്ന് 08/08/2018ന് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു.

2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ടീം നടത്തിയ സ്ഥല പരിശോധനയിൽ കേരള പഞ്ചായത്ത് രാജ് നിർമ്മാണ ചട്ടങ്ങൾ 57(2), 57, 57(12), 57(13), 35, 38 പ്രകാരം അനുവദനീയമായതിലും കൂടുതൽ തറവിസ്തീർണ്ണം, കവറേജ് എന്നിവയുള്ളതും അസംബ്ലി കെട്ടിടമാണെന്ന് വ്യക്തമായിട്ടും വാണിജ്യ കെട്ടിടമെന്ന വ്യാജേന വിണ്ടും തെറ്റായ അപേക്ഷ നൽകിയതും കണ്ടെത്തി റിപ്പോർട്ടിൽ ഉൾപ്പെടുത്തി.

12/2018ൽ അസി.എഞ്ചിനിയർ നടത്തിയ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

1. കെ പി ബി ആർ 57(2) പ്രകാരം ആവശ്യമായ ഏറ്റവും ചുരുങ്ങിയ തുറന്ന സ്ഥലം ലഭ്യമല്ല.
2. കെ പി ബി ആർ 57(8) പ്രകാരം അഗ്നിശമനസേന ഡയറക്ടറിൽ നിന്നുള്ള അംഗീകാരത്തിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
3. കെ പി ബി ആർ 57(12എ) പ്രകാരമുള്ള ഖര ദ്രവ മാലിന്യ സംസ്കരണശാലയുടെ വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്.
4. കെ പി ബി ആർ 57(12 ബ്) പ്രകാരമുള്ള കെട്ടിടത്തിന്റെ ഉപയോഗഫലമായി ഉൽപ്പാദിക്കപ്പെടുന്ന മലിനജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനരുൽപ്പാദനത്തിനും പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ല.
5. കെ പി ബി ആർ 35 (ടേബിൾ 2) പ്രകാരം ഉണ്ടായിരിക്കേണ്ട കവറേജ്, തറവിസ്തീർണാനുപാതം എന്നിവ പാലിക്കുന്നില്ല.
6. കെ പി ബി ആർ 101 പ്രകാരം മഴവെള്ള സംഭരണി പ്ലാനിൽ അളവുകളോടെ രേഖപ്പെടുത്തേണ്ടതാണ്.

തുടർന്ന് അപേക്ഷ വീണ്ടും നിരസിക്കപ്പെട്ടു.

14/02/2019 ലെ എ1-1449/18 നമ്പർ കത്ത് പ്രകാരം അപാകതൾക്ക് 7 ദിവസത്തിനുള്ളിൽ വിശദീകരണം സമർപ്പിക്കുവാൻ കുഞ്ഞമദ്, പൂളക്കണ്ടി, നസ്രുത്തുൽ ഇസ്ലാം സഭാ പ്രസിഡന്റ് എന്ന അപേക്ഷകനെ കൂത്താളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന് 02/03/2019 ന് മറുപടി ലഭിച്ചു.എന്നാൽ ടി കെട്ടിടം അസംബ്ലി കെട്ടിടമായി പ്രവർത്തിച്ചു വരുന്നു എന്നു ബോധ്യപ്പെട്ടതിനാൽ മറുപടി സ്വീകാര്യമല്ലെന്ന് 11/03/2019 ലെ എ1-1449/18 നമ്പർ കത്ത് തയ്യാറാക്കിയെങ്കിലും സെക്രട്ടറി ഒപ്പുവെച്ച് അപേക്ഷകനെ അറിയിച്ചതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235.എ.എ പ്രകാരം ഈ കെട്ടിടത്തെ അനധികൃത കെട്ടിടമായി കണക്കാക്കി 2016-17 വർഷം യു.എ.1/16-17 നമ്പർ നൽകുകയും കുടിശ്ശിക നികുതി, പിഴപ്പലിശ, ഡിമാന്റ് നോട്ടീസ് ഫീസ് എന്നിങ്ങനെ ആകെ 4,11,822 രൂപ കണക്കാക്കി ഡിമാന്റ് നോട്ടീസ് (തീയതി-20/11/2017) നൽകിയെങ്കിലും തുക അടച്ചിട്ടില്ല. അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അനധികൃതമായി നിർമ്മിച്ച കെ.പി. 5/UA 1 കെട്ടിടത്തിൽ ജപ്തി നടപടികൾ സ്വീകരിക്കാൻ പോയപ്പോൾ അടഞ്ഞുകിടക്കുന്നതിനാൽ സാധിച്ചില്ല എന്നാണ് ബി.3 സെക്ഷൻ ക്ലാർക്ക് ശ്രീ.സിനൂപ്.വി.എം ജപ്തി വാറണ്ടിന് പുറകിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ജപ്തി നടപടികൾ സ്വീകരിക്കാൻ പോയ തീയതി, സമയം എന്നിവ വ്യക്തമല്ല.

കുടിശ്ശിക വസ്തു നികുതിയിനത്തിലെ ഈ വലിയ തുക ഈടാക്കാൻ വേണ്ട കാര്യക്ഷമമായ നടപടികൾ ഭരണസമിതിയും സെക്രട്ടറിയും സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും അപാകതൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

### 1-12.5.വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണച്ചതിൽ നഷ്ടം

കൂത്താളി ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1) ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിലും 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 70 രൂപ നിരക്കിലുമാണ് ഭരണസമിതി നികുതി നിശ്ചയിച്ചിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ താഴെ പറയുന്ന ക്രമ നം 1 മുതൽ 12 വരെ യുള്ള ഘടകങ്ങളിൽ രണ്ടോ അതിലധികമോ ഘടകങ്ങൾ ഒരേ സമയം ബാധകമാവുകയാണെങ്കിലോ ക്രമ നം 13,14 എന്നിവയിൽ പാരാമർശിച്ച ഏതെങ്കിലുമൊരു ഘടകം ബാധകമാവുകയാണെങ്കിലോ പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിനു ബാധകമാവുന്ന രീതിയിൽ വസ്തു നികുതി നിർണയിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്.

<table>
<tr><td>1.</td><td>കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ വിവിധ മേഖലകളിലായാൽ</td><td rowspan="6">(കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 7, ഉപ വകുപ്പ് 9)</td></tr>
<tr><td>2.</td><td>വഴിസൗകര്യത്തിന്റെ ലഭ്യത</td></tr>
<tr><td>3.</td><td>മേൽക്കൂരയുടെ നിർമിതി</td></tr>
<tr><td>4.</td><td>കെട്ടിടത്തിന്റെ കാലപ്പഴക്കം</td></tr>
<tr><td>5.</td><td>തറയുടെ നിർമിതി</td></tr>
<tr><td>6.</td><td>എയർകണ്ടീഷനിംഗ് സൗകര്യം</td></tr>
<tr><td colspan="3">താഴെ പറയുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ</td></tr>
<tr><td>7.</td><td>പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ</td><td>(കേരള പഞ്ചായത്ത്</td></tr>
</table>

| | | |
|---|---|---|
| | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ | രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 2, ഉപ വകുപ്പ് 9), 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5),4(1)) |
| 8. | വിദ്യാലയങ്ങൾക്കോ, ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| 9. | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ | |
| 10. | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 11. | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| 12. | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം | |
| 13. | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണെങ്കിൽ | 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികു തിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) |
| 14 | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ | |

മേൽ പരാമർശിക്കാത്ത കാരണങ്ങളാൽ ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്തിൽ നികുതി നിർണയിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമ | കെട്ടിട നം | പ്ലിന്ത് ഏരിയ | ഈടാക്കിയ നികുതി | അടിസ്ഥാന വസ്തു നികുതിയിന്മേൽ | | ഈടാക്കേണ്ട നികുതി | നഷ്ടം | കുറിപ്പ് |
|---|---|---|---|---|---|---|---|---|---|
| | | | | | ഇളവുകൾ | വർദ്ധനവ് | | | |
| 1 | ദാമോദരൻ നമ്പ്യാർ. നീലിമ. കല്ലൻ കണ്ടി താഴ | 6/274A-274F BJZ (6 നമ്പറുകൾ) | 127.86 m2 | 4578/- ആകെ -13122/- | 0 | 20%-1278/- രൂപ (വഴി സൗകര്യം) | 7671/- (ഗ്രൌണ്ട് ഫ്ലോർ+ ഒന്നാം നില) | 3093/- | ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക്-50/- |
| 2 | സിദ്ധീഖ് തനയ ക്കോട്ട്. കുത്താളി പി.ഒ | 3/34A-3/34B | ഗ്രൌണ്ട് ഫ്ലോർ-201.88 $m^2$ | ഗ്രൌണ്ട് ഫ്ലോർ -12113/- ഒന്നാം നില- | 5% (നിലയുടെ അടിസ്ഥാനത്തിൽ) | 20% (വഴി സൗകര്യം) | 16958+ 14731 = 31689 (ഗ്രൌണ്ട് ഫ്ലോർ+ | 9962/- | ബാധകമായ അടിസ്ഥാന വസ്തു നികുതി |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | ഒന്നാം നില- 184.6 $m^2$ ആകെ - 386.48 $m^2$ | 9614/- ആകെ- 21727/- | | | ഒന്നാം നില) | | നിരക്ക്- 70/- |
| ആകെ തുക | | | | | | | | 13055/- | |

മേൽ പട്ടികയിൽ കാണിച്ച കെട്ടിടങ്ങളിലെ വ്യത്യസ്ത മുറികൾക്ക് വെവ്വേറെ നികുതി നിശ്ചയിച്ചത് കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണ്ണാടിസ്ഥാനത്തിലുള്ള ഉപയോഗം കണക്കിലെടുക്കാതെയാണ്. ഇത് കാരണം നികുതി നിർണ്ണയത്തിൽ അപാകത സംഭവിച്ചു.

നികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 ചെലവ് കണക്കുകൾ -പൊതു അപാകതകൾ

**<u>1-13.1.തനത് ഫണ്ട് അപര്യാപ്തം-മറ്റു ഫണ്ടുകൾ വകമാറ്റി ചെലവഴിക്കപ്പെടുന്നു.</u>**

സാമ്പത്തികവർഷത്തെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നീക്കിയിരിപ്പ് പരിശോധിച്ചതിൽ ബാങ്ക്/ട്രഷറി എക്കൗണ്ടുകളിലായി സാമ്പത്തിക വർഷാവസാനം 4210507 തനത് ഫണ്ടിനത്തിൽ നീക്കിയിരിപ്പുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ബാങ്ക് / ട്രഷറി | നീക്കിയിരിപ്പ് തുക |
|---|---:|
| റീജനൽ കോപ്പറേറ്റീവ് ബാങ്ക് | 492982 |
| കനറാബാങ്ക് | 3017593 |
| ട്രഷറി T.S.B | 699932 |
| ആകെ | 4210507 |

പഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ പ്രത്യേക പദ്ധതികൾക്കായി ലഭിച്ച ഗ്രാന്റുകളും മറ്റുമായി ഷെഡ്യൂൾ B4 പ്രകാരം 4541204 രൂപ തനത്ഫണ്ടിൽ

അവശേഷിക്കുന്നുണ്ട്. ഷെഡ്യൂൾ B7 പ്രകാരം 582633 രൂപ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലും ഷെഡ്യൂൾ B9 പ്രകാരം മറ്റു ബാധ്യതകളായി 930277 രൂപയു മടക്കം മൊത്തം 6054114 രൂപ തനത് ഫണ്ടിൽ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. ആയതിൽ തനത് ഫണ്ട് നീക്കിയിരുപ്പ് 4210507 രൂപ മാത്രമേ അവശേഷിക്കുന്നുള്ളൂ. ഇതിൽ നിന്നും ലക്ഷക്കണക്കിന് രൂപ തനത് ഫണ്ട് എക്കൗണ്ടിൽനിന്നും വകമാറ്റി ചെലവഴിക്കപ്പെട്ടതായി കാണുന്നു.ആയത്പരിശോധിച്ച് മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കാനുണ്ടായ കാരണം വിശദമാക്കേണ്ടതാണ്.

**1-13.2.മരാമത്ത് പ്രവർത്തികൾ പൂർത്തീകരിച്ചില്ല.- വിവധ ഫണ്ടിനങ്ങളിൽ വൻതുക പാഴായി**

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷത്തിൽ 32 സ്പിൽ ഓവർ പ്രവർത്തികൾ ഉൾപ്പെടെ 54 പ്രൊജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ആയതിൽ 22 പ്രവർത്തികൾക്ക് മാത്രമെ സാമ്പത്തിക വർഷത്തിൽ തുക ചെലവഴിച്ചിട്ടുള്ളൂ. 4 സ്പിൽഓവർ പ്രവർത്തികൾ ഉൾപ്പെടെ 32 പ്രവർത്തികൾക്ക് സാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. പ്രൊജക്ടുകളുടെ നടത്തിപ്പിനായി വിവിധ ഫണ്ടിനങ്ങളിൽ ആകെ 18478805 രൂപ വകയിരുത്തിയതിൽ 6867565 രൂപ മാത്രമാണ് സാമ്പത്തിക വർഷത്തിലെ ചെലവ്. ചെലവുശതമാനം കേവലം 37% മാത്രമാണ്. വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിൽ വകയിരുത്തിയ തുക വിനിയോഗിക്കാത്തതിനാൽ സാമ്പത്തിക വർഷത്തിൽ 99,75,429 രൂപ സർക്കാരിലേക്ക് തിരികെപ്പോയിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവുതുക |
|---|---|---|
| വികസനഫണ്ട് സാധാരണം | 1258805 | 510775 |
| വികസന ഫണ്ട്s.c.p | 400000 | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6046352 | 3419392 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 6772000 | 2572825 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 2270000 | 268736 |
| ആകെ | 167,47,157 | 6771728 |

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടലുകളുടെ അപര്യാപ്തത, പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതും മേൽ അപാകതകൾക്ക് കാരണമായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമായാൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ ഒഴികെയുള്ള അംഗങ്ങൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിച്ച് തങ്ങളുടെ മേഖലയിൽ നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ഫലപ്രദമായി

മോണിട്ടറിംഗിന് വിധേയമാക്കി മരാമത്ത് പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-13.3 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.**

നിർവ്വഹണം – വി.ഇ.ഒ

പ്രോജക്ട് നം – 45/2018-19

അടങ്കൽ – 150000(പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ് – 150000(ബിൽ നം-1/2018-19 തിയ്യതി-18.02.2019)

മേൽ പ്രോജക്ടിൽ 5 ഗുണഭോക്താക്കൾക്കാണ് ധനസഹായം വിഭാവനം ചെയ്തിരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ – സബ്സിഡി – ധനസഹായം – അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ) നം-22/2018/തസ്വഭവ, തിയ്യതി 14.02.2018 ഖണ്ഡിക – 6.4 ക്രമ നം-13 പ്രകാരം സ്വയം തൊഴിൽ സംരംഭത്തിന് മുൻ കാലങ്ങളിൽ ധനസഹായം ലഭിച്ചവർക്ക് തുടർന്ന് ധനസഹായം നൽകാൻ പാടില്ല എന്ന് അനുശാസിക്കുന്നു. ഇപ്രകാരമുള്ള സാക്ഷ്യപത്രം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

പെട്ടിക്കട അനുവദിക്കപ്പെട്ട ഗുണഭോക്താക്കളിലൊരാളായ ശ്രീ.സമീർ കുനിയിൽ എന്നയാൾ ശാരീരികമായ അവശതകൾ കാരണം സംരംഭം നടത്തിക്കൊണ്ടുപോകുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ ആയത് തിരികെ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് എ3-2667/03-07-2017 നമ്പറിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.

പെട്ടിക്കട ശ്രീ.സമീർ കുനിയിൽ എന്നയാളിൽ നിന്നും തിരികെ ഈടാക്കി അർഹനായ മറ്റൊരു ഗുണഭോക്താവിന് വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-13.4.മായഞ്ചേരി മാണിക്കോത്ത് റോഡ്- പ്രവർത്തിയുടെ ഗുണനിലവാരമില്ലായ്മ മൂലം തകർന്നു.**

പ്രൊജക്ട് നമ്പർ – 116/19

വകയിരുത്തിയ തുക – 500000( M.G)

ചെലവുതുക – 486446

കരാറുകാരൻ – രജീഷ് സി.സി

ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിലെ മായഞ്ചേരി മാണിക്കോത്ത് റോഡിൽ നിലവിൽ സോളിംഗ് പൂർത്തിയാക്കിയ 180 മീറ്റർ ഉൾപ്പെടെ 208 മീറ്റർ നീളത്തിൽ മെറ്റലിംഗ്, ടാറിംഗ് നടത്തുന്നതിനും വെള്ളക്കെട്ടുള്ള 46 മീറ്റർ ഭാഗം കോൺക്രീറ്റ് ചെയ്യുന്നതിനുമായി

2017-18 ൽ തയ്യാറാക്കിയ പ്രവർത്തി കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്ത് പൂർത്തീകരിച്ച് 2018-19 സാമ്പത്തികവർഷത്തിൽ ഫൈനൽബിൽ കൈപ്പറ്റിയിട്ടുണ്ട്. പ്രവർത്തി പൂർത്തീകരിച്ച് മൂന്ന് മാസങ്ങൾക്കുള്ളിൽ റോഡ് തകർന്നുപോയതായുള്ള പ്രദേശവാസികളുടെ 2-8-2017ൽ സമർപ്പിച്ച പരാതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് L.S.G.D എൻജിനിയർക്ക് കൈമാറുന്നതിന് 25-3-19ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 20-4-2019 പഞ്ചായത്ത് സെക്രട്ടറി A3 2187/2017 നമ്പർ കത്ത് പ്രകാരം പരാതി പരിശോധിച്ച് ആവശ്യമായനടപടികൾ സ്വീകരിക്കാൻ അസി.എൻജിനിയരോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ മേൽ ഫയലുകളിൽ നടപടികളൊന്നും കൈക്കൊണ്ടതായി കാണുന്നില്ല. 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 3-8-2019ൽ പഞ്ചായത്ത് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ റോഡ് പ്രവർത്തി നേരിൽ പരിശോധിച്ചതിൽ കോൺക്രീറ്റ് ചെയ്ത ഭാഗമൊഴികെ റോഡ് ടാർചെയ്തഭാഗം ഭൂരിഭാഗവും തകർന്നനിലയിൽ കണ്ടു. ഗുണനിലവാരമില്ലാത്ത പ്രവർത്തി നടപ്പിലാക്കിയ കരാറുകാരെനെ ക്കൊണ്ട് ആയത് പൂർവ്വസ്ഥിതിയിലാക്കാനുള്ള നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രവർത്തി നടപ്പിലാക്കിയ കരാറുകാരനെ കൊണ്ട് തകർന്ന റോഡ് പുനർ നിർമ്മിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**<u>1-13.5.പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കിയിട്ടില്ല.</u>**

ഓഡിറ്റിന്റെ ഭാഗമായി ഭരണ സമിതി മിനുട്സ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2016-17 വാർഷിക പദ്ധതിയിലുൾപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിലെ ഗുണഭോക്താവ് ശ്രീമതി.റീന w/o പ്രകാശൻ തണ്ടോറപ്പാറ എന്നവർക്ക് 50000/- രൂപ അഡ്വാൻസ് ആയി തുക അനുവദിച്ചിരുന്നു.2017-18 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ടിന്റെ കാലാവധി 31.03.2018 ന് അവസാനിച്ചിരുന്നു. അനുവദിച്ച സമയത്തിനകം ടിയാൾ പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ കൈപ്പറ്റിയ ധനസഹായം പലിശ സഹിതം തിരികെ ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ-യെ ചുമതലപ്പെടുത്തി. 9.11.2018 തീയ്യതിയിൽ ചേർന്ന ഭരണ സമിതി അജണ്ട-7 തീരുമാനം നം-3 ആയി ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട്.
2. ലൈഫ് ഭവനപദ്ധതിയിലെ ഫേസ്-1 ൽ ഉൾപ്പെട്ട – പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ശ്രീ.മനോജ് ചാത്തോത്ത് മീത്തൽ എന്നയാളിന് പ്രവൃത്തി ആരംഭിക്കുന്നതിന് 50000/- രൂപ അഡ്വാൻസ് ആയി നൽകി. എന്നാൽ ടി ഗുണഭോക്താവിനോട് പ്രവൃത്തി ആരംഭിക്കുന്നതിന് നിരന്തരം

ആവശ്യപ്പെട്ടിട്ടും ഇതുവരെ പ്രവൃത്തി ആരംഭിക്കുന്നതിന് തയ്യാറായിട്ടില്ലെന്നും ആയത് സംബന്ധിച്ച് തുക പലിശ സഹിതം തിരിച്ച പിടിക്കുന്നതിന് ശ്രീ.വി.കെ.മനോജ്, വി.ഇ.ഒ എന്നവരെ ചുമതലപ്പെടുത്തുകയും ചെയ്തു (18.01.2019 തിയ്യതിയിൽ അജണ്ട-1 തീരുമാനം-6).

മേൽ പരാമർശിച്ച തുകകൾ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13.6. സംയുക്ത പ്രോജക്ടുകൾക്കായിലഭിച്ച തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

2018-19 സാമ്പത്തികവർഷത്തെ ഗ്രാമപഞ്ചായത്തിന്റെ നീക്കിയിരിപ്പ് പരിസോധിച്ചതിൽ സാമ്പത്തികവർഷാവസാനം സംയുക്തപ്രോജക്ടുകൾക്കായുള്ള ജോയിന്റ് വെഞ്ചർ എക്കൗണ്ടിൽ 459510 രൂപ നീക്കിയിരിപ്പുണ്ട് ആയതിന്റെ വിശദവിവരം ലഭ്യമായതിൽ 2016-17 സാമ്പത്തിക വർഷം മുതൽ ഈഇനത്തിൽ വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കണ്ടു. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| തുകലഭ്യമായ വർഷം | പ്രോജക്റ്റ് നമ്പർ / പേര് | വിഹിതം നൽകിയ സ്ഥാപനം | അവശേഷിക്കുന്ന തുക. |
|---|---|---|---|
| 2016-17 | 85/16-17 ഇടവിളകൃഷികിറ്റ് വിതരണം | ബ്ലോക്ക് പഞ്ചായത്ത് | 100000 |
| 2016-17 | 95/16-17 ജൈവപച്ചക്കറിക്ക് കൂലിച്ചെലവ് | ബ്ലോക്ക് പഞ്ചായത്ത് | 100000 |
| 2017-18 | 2/17-18 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | ബ്ലോക്ക് പഞ്ചായത്ത് | 109510 |
| 2017-18 | 115/17-18 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം | ബ്ലോക്ക് പഞ്ചായത്ത് | 50000 |
| 2018-19 | 29/18-19 ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് | ജില്ലാ പഞ്ചായത്ത് | 100000 |

| | | | |
|---|---|---|---|
| ആകെ | | | 459510 |

മേൽ പ്രോജക്ട് പ്രകാരം അവശേഷിക്കുന്ന തുകയിൽ ജില്ലാപഞ്ചായത്ത് വിഹിതം ഇനത്തിൽ 2018-19 സാമ്പത്തികവർഷത്തിൽ ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് ഇനത്തിൽ ലഭിച്ചതുക 2019-20 വർഷത്തിൽ സ്പിൽ ഓവറായി വകയിരുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന 359510 രൂപ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് തിരിച്ചടച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

**1-13.7.വെള്ളക്കരം സമയബന്ധിതമായി അടയ്ക്കുന്നതിലെ വീഴ്ച കാരണം പിഴ അടയ്ക്കേണ്ടി വരുന്നു.**

| | |
|---|---|
| പ്രോജക്ട് നം. | 04/19 |
| അടങ്കൽ | 210000 |
| ഫണ്ട് | എം.ജി.(എൻ.ആർ) |
| ചെലവ് | 203000/- |
| ബിൽ നം. തി. | 10/18-19 /18.8.2018<br>14/18-19/24.09.18<br>20/18-19/25.10.18 |

കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഒടുക്കുന്നതുമായി ബന്ധപ്പെട്ട് ജി.ഒ (ആർ.ടി.) 2242/2011/ തസ്വഭവ 28.09.2011, പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വെള്ളക്കരം നിർണ്ണയിച്ച് അടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജി.ഒ.(ആർ.ടി)1501/2006/തസ്വഭവ/ 23.06.2006 ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റി എല്ലാമാസവും പത്താം തിയ്യതിയോടെ മുൻമാസത്തെ ചാർജ്ജിന്റെ ഡിമാന്റ് നോട്ടീസ് തദ്ദേശഭരണ സെക്രട്ടറിക്ക് നൽകേണ്ടതാണെന്നും, സെക്രട്ടറി നോട്ടീസ് കിട്ടി ഒരുമാസത്തിനകം പണം അടയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൈപ്പുകളുടെ എണ്ണം നിർണ്ണയിക്കുന്നതിന് സംയുക്തപരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. മാത്രമല്ല സമയബന്ധിതമായി വെള്ളക്കരം അടയ്ക്കുന്നതിലെ വീഴ്ചകാരണം, 3/2018 ൽ 271/- രൂപയും, 6/2018,7/2018 എന്നീ മാസങ്ങളിൽ 315/- രൂപയും 5/18 ൽ 586/- രൂപയും ഉൾപ്പെടെ ആകെ 1172/- രൂപ ഫൈൻ അടച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് ധനാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ, ഭരണസമിതിയിലോ ചർച്ചകൾ നടന്നതായി കാണുന്നില്ല. പൊതുവെ മറ്റ് ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് തനത് വരുമാനം കുറഞ്ഞ സ്ഥലമായതിനാൽ ഇത് പഞ്ചായത്തിന്റെ ധനസ്ഥിതിയേ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്.

വെള്ളക്കരം അടയ്ക്കുന്നതതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കരം നിർണ്ണയിച്ച് ആയത് സമയബന്ധിതമായി അടയ്ക്കാൻ നടപടി സ്വീകരിച്ചും, പിഴയായി ഒടുക്കേണ്ടിവന്ന 1172/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കിയും ഓഡിറ്റിനെ അറിയിക്കുന്നമുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

**1-13.8 മാനസിക വെല്ലുവിളികൾ നേരിടുന്ന രോഗികൾക്ക് ധനസഹായം പണമായി നൽകി.**

| | |
|---|---|
| പ്രോജക്ട് നം. | 96 / 19 |
| അടങ്കൽ | 50000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 44983/- |
| ബിൽ നം. തി. | 15/18-19 /26.3.2019 |

കൂത്താളി ഗ്രാമപഞ്ചായത്തിലെ മാനസിക രോഗത്തിന് ചികിത്സ നടത്തുന്നവർക്ക് ധനസഹായം നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായണ് പദ്ധതി നടപ്പാക്കിയത്.

സ.ഉ (കൈ) നം. 11/2018/ ത.സ്വ.ഭ.വ തി.29.01.2018 ഖ-7-7-(20) പ്രകാരം മാനസികാരോഗ്യ പ്രശ്നങ്ങൾ നേരിടുന്നവർക്ക് കൗൺസിലിംഗ് നൽകാൻ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണെന്നും, സ.ഉ.(കൈ) നം.22/2018 തസ്വഭവ തി.14.02.2018 ഖ. 5 (8) പ്രകാരം ചികിത്സക്ക് വ്യക്തികൾക്ക് സബ്സിഡി നൽകാൻ പാടില്ലെന്നും നിർദ്ദേശിക്കുന്നുണ്ട്. സർക്കാർ ഉത്തരവുകളിലെ ഇത്തരം നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

ഗുണഭോക്താക്കൾക്ക് മരുന്ന് വാങ്ങിയ തുക, ഡോക്ടറുടെ പരിശോധനാകുറിപ്പ് സഹിതം ഹാജരാക്കിയാൽ ഒരു രോഗിക്ക് പരമാവധി 1000/- രൂപവരെയാണ് ധനസഹായം നൽകിയത്. 2018–19 വർഷത്തേക്കുള്ള പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 28.02.2018ന് ചേർന്ന ബന്ധപ്പെട്ട വർക്കിഗ് ഗ്രൂപ്പ് യോഗത്തിൽ മാനസികരോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട പദ്ധതി നിർദ്ദേശങ്ങളൊന്നും ഉയർന്ന് വന്നതായി കാണുന്നില്ല. ആസൂത്രണ പ്രക്രിയയിൽ പദ്ധതികൾ ഉരുത്തിരിഞ്ഞ് വരേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നാണ്. എന്നാൽ ഇവിടെ ഈ പദ്ധതിയുടെ രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പ് അതിന്റെ പങ്ക് വഹിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഈ പദ്ധതി സംബന്ധിച്ച് ചർച്ചകളൊന്നും നടന്നതായി കാണുന്നില്ല. ആസൂത്രണ പ്രക്രിയയിൽ ഓരോ ഘട്ടത്തിലും നടക്കേണ്ട നടപടിക്രമങ്ങളിലെ വീഴ്ചയാണ് ഇത് സൂചിപ്പിക്കുന്നത്.

സ.ഉ (പി) നം.10/2017/ആ.സാ.വ/ 19.04.2017 പ്രകാരം നവ കേരള കർമ്മപദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ആരോഗ്യമേഖലയിലെ പദ്ധതികളും പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി ആർദ്രം മിഷൻ രൂപകൽപ്പന ചെയ്തിട്ടുണ്ട്. സ്ത്രീകളുടെയും, പ്രായാധിക്യമുള്ളവരുടേയും ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഇതിൽ പ്രവർത്തനങ്ങളുണ്ടാവും. സർക്കാർ ആശുപത്രികളുടെ വിപുലീകരണം, ജീവിതശൈലീ രോഗങ്ങളിൽ നിന്നും പരിരക്ഷ,കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുക,ആരോഗ്യ സ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെതട്ടിൽ നിന്നും തന്നെയുള്ള നിയന്ത്രണം എന്നിവയൊക്കെ കോർത്തിണക്കിയാണ് ഈ പദ്ധതിയുടെ രൂപകൽപ്പന. ആതുരസേവന കേന്ദ്രങ്ങളെ രോഗീസൗഹൃദമാക്കുക, രോഗികൾക്ക് മെച്ചപ്പെട്ടതും നിലവാരമുള്ളതുമായ ചികിത്സ ലഭ്യമാക്കുക. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്തുകയും സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങൾ, തുടർ ചികിത്സ എന്നിവയ്ക്ക് ഊന്നൽ നൽകുക, ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾക്കും സേവനങ്ങൾക്കും നിശ്ചിത നിലവാരം നിശ്ചയിച്ച് ഘട്ടം ഘട്ടമായി അവ കൈവരിക്കാൻ ശ്രമിക്കുക എന്നിവയാണ് ഇത് ലക്ഷ്യമാക്കുന്നത്.

മേൽ പരാമർശിച്ച ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതികളിൽ ഊന്നൽ നൽകേണ്ടതും പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, സ്റ്റന്റിംഗ് കമ്മിറ്റി മിനുട്സ് എന്നിവ പരിശോധിച്ചതിൽ ഇതുമായി ബന്ധപ്പെട്ട അന്വേഷണങ്ങളൊ, ചർച്ചകളൊ, തീരുമാനങ്ങളൊ ഉണ്ടായതായി കാണുന്നില്ല. ഭാവിയിൽ ആരോഗ്യമേഖലയിലെ പദ്ധതികളാവിഷ്കരിക്കുമ്പോൾ ആർദ്രം പദ്ധതിയിലെ മഹനീയ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ എറ്റെടുത്ത് നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്. മേൽ പരാമർശിച്ച പദ്ധതിയുമായി ബന്ധപ്പെട്ട വീഴ്ച പരിഹരിക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നമുറയ്ക്ക് ഖണ്ഡികയിലെ പരാമർശം ഒഴിവാക്കുന്നതാണ്. ചെലവ് തുക 44983/- തടസ്സത്തിൽ വെയ്ക്കുന്നു.

**<u>1-13.9പുതുക്കിയ ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നില്ല.</u>**

2018-19 വർഷത്തെ തനത് ഫണ്ട് പരിശോധിച്ചതിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കുടിശ്ശികയുടെ 3ാം ഗഡു 152422/- രൂപ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടുണ്ട് (വൗച്ചർ നം.21800114, 21800115,21800116 തി.01.06.2018) നാലാം ഗഡു 147037/- രൂപ 01.10.2018ന് ജീവനക്കാർക്ക് പണമായി കൈമാറിയിട്ടുണ്ട്. എന്നാൽ 20. 1. 20l 6 ലെ ശമ്പള പരിഷ്കരണ ഉത്തരവ് നം- 7/2016(പി) ഫിൻ ഖണ്ഡിക 48 (l) പ്രകാരം ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിഷ്കകർഷിച്ചിട്ടുണ്ടെങ്കിലും ആയത്

അടവാക്കിയതായി കാണുന്നില്ല – 1. 4.2013 ന് മുൻപ് സേവനത്തിൽ പ്രവേശിച്ച എല്ലാ ജീവനക്കാരുടെയും ശമ്പളം പുതുക്കിയതിനു ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13.10.മരാമത്ത് പ്രവർത്തി ബില്ലുകളിൽ നിന്നും GST ഈടാക്കിയില്ല

സർക്കാർ ഉത്തരവു നമ്പർ 87/2017 താ.സ്വ.ഭ.വ. തിയ്യതി 1-11-2017 പ്രകാരം 1-7-2017 ന്ശേഷം നടപ്പിലാക്കിയ പ്രവർത്തികൾക്ക് 2 % G.S.T ബാധകമായിരിക്കുമെന്നു നിഷ്കർഷിച്ചിട്ടുണ്ട്. GST ബില്ലുകളിൽ നിന്നും കിഴിവ്ചെയ്ത് നടപ്പാക്കാനുള്ള നിർദേശം 2018 മാർച്ച് വരെ നടപ്പാക്കേണ്ടതില്ലെന്ന് GST കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ 31-3-2018 ന്ശേഷം പൂർത്തീകരിച്ച താഴെപ്പറയുന്ന പ്രവർത്തികളിൽ 2% GST ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ.

| പ്രവർത്തിയുടെ പേര് | കരാറുകാരൻ | പ്രവർത്തി പൂർത്തീകരിച്ച തിയ്യതി | ഫൈനൽ ബിൽ തുക | അടവാക്കേണ്ട G.S.T തുക |
|---|---|---|---|---|
| 114/19 കുത്താളി-കുത്താളിത്തെരു റോഡ് | പുഷ്പരാജ് TP | 7-4-2018 എം ബുക്ക് നമ്പർ 385 പേജ് 20 | 388521 (ബിൽ നമ്പർ 18/18-19 തി 17-9-18) | 7770 |
| 111/18-19 ചായിക്കുളം പുറയൻ കോട് റോഡ് | രജീഷ് CC | 3-5-2018 എം ബുക്ക് നമ്പർ 375 പേജ് 18 | 486117 (ബിൽ നമ്പർ 10/18-19 തി 10-7-18) | 9722 |
| 119/18-19 മൊയോർക്കുന്ന് കോളനി കുടിവെള്ള പദ്ധതി. | സുഭാഷ് | 4-5-2018 എം ബുക്ക് നമ്പർ 383 പേജ് 14 | 154189 (ബിൽ നമ്പർ 15/18-19 തി 20-7-18) | 9084 |
| ആകെ | | | | 26576 |

മേൽപ്രവർത്തികളുടെ ബില്ലിൽ നിന്നും നിശ്ചിത നിരക്കിൽ G.S.T ഈടാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-13.11വിവിധ സ്ഥാപനങ്ങളിൽ തുക അടവാക്കിയതിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം/പേര് | തുക അടവാക്കിയ സ്ഥാപനം | അടവാക്കിയ തുക | ബിൽ നം/ തിയ്യതി | നിർവ്വഹണോദ്യോഗസ്ഥൻ | റിമാർക്സ് |
|---|---|---|---|---|---|
| 20/2018-19 എം.എ.വൈ അധിക വിഹിതം കൈമാറൽ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 40000 | 8/2018-19 തി.29.06.2018 | വി.ഇ.ഒ | |
| 24/18-19. കന്നുകുട്ടിപരിപാലന പദ്ധതി | അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി സ്കീം | 162500 | 6/18-19 തി. 11-1-19 ) | വെറ്ററിനറി സർജൻ | |
| 12/18-19. യന്ത്രങ്ങൾ – കൊയ്ത്തുമെതിയന്ത്രം - വിനിയോഗവിവരം ലഭ്യമാക്കിയില്ല. | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 200000 | 200000 (ബിൽനമ്പർ 4/13-1-19) | കൃഷി ഓഫീസർ | |
| 02/2018-19. എൈ.കെ.എം വിഹിതം നൽകൽ | എൈ.കെ.എം | 51315 | 51315 (ബിൽ നമ്പർ – 04/18-19 07.06.2018) | സെക്രട്ടറി | |
| 56/2018-19. ആശാരിപ്പറമ്പ് പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 640000/- | 640000 (ബിൽ നമ്പർ-31/18-19. 24/01/2019) | സെക്രട്ടറി | |
| 57/18-19. വെമ്മേരിക്കണ്ടി-നാഗത്ത് പുതിയോട്ടിൽ പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 166000/- | 166000/- (ബിൽ നമ്പർ – 32/18-19.24/01/2019) | സെക്രട്ടറി | |
| 104/18-19. കട്ടയാട്ട് പുത്തൻപുരയ്ക്കൽ പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 146460 | 146460 (ബിൽ നമ്പർ – 33/18-19. 24/01/2019) | സെക്രട്ടറി | |
| ആകെ തുക | | 1406275/- | | | |

തുക കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ചെലവ് തുക 1406275 തടസ്സത്തിൽ

വെക്കുന്നു.യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

**1-13.12പട്ടിക ജാതിക്കാർക്ക് പി.വി.സി വാട്ടർടാങ്ക്-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ**

നിർവ്വഹണം – വി.ഇ.ഒ

പ്രോജക്ട് നം – 43/2018-19

അടങ്കൽ – 114240/- (എസ്സ്.സി.പി-85680/-, മറ്റുള്ളവ-25680/- (ഗുണഭോക്തൃവിഹിതം))

ചെലവ് – 114240 (ബിൽ നം – 42/2018-19 തിയ്യതി-29.11.2018 തുക-85680/-)

മേൽ പ്രോജക്ടിലേക്ക് ഡ്രീം ഹോം ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും ടെൻഡർ ക്ഷണിച്ച് 2720/- രൂപ നിരക്കിൽ (680/- രൂപ ഗുണഭോക്തൃവിഹിതം) 42 പട്ടികജാതി ഗുണഭോക്താക്കൾക്ക് സീ-ടെക്ക് ബ്രാൻഡിലെ 500ലിറ്റർ ശേഷിയുള്ള പി.വി.സി വാട്ടർടാങ്ക് വിതരണം ചെയ്തു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ – സബ്സിഡി – ധനസഹായം – അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(കൈ) നം-22/2018/തസ്വഭവ,തിയ്യതി-14.02.2018 ഖണ്ഡിക – 6.6 ക്രമ നം-5 പ്രകാരം നിലവിൽ വീടുകളിൽ വാട്ടർ ടാങ്ക് ഉള്ളവർക്കും ഒരിക്കൽ വാട്ടർ ടാങ്ക് നൽകിയവർക്കും നൽകാൻ പാടില്ല എന്ന് അനുശാസിക്കുന്നു.

മേൽ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ നിലവിൽ വീടുകളിൽ വാട്ടർ ടാങ്ക് ഉള്ളവരാണോ എന്നതും മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഓഡിറ്റിൽ പരാമർശിച്ച സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയും പരാമർശം ഒഴിവാക്കാവുന്നതാണ്.

**1-13.13.മൊയോർകുന്ന് കോളനി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായില്ല.**

പ്രോജക്ട് നമ്പർ – 119/19

വകയിരുത്തിയതുക – 1010000

ചെലവ്തുക – 454189 (ബിൽ നമ്പർ 15/18-19 തിയ്യതി 20-7-2018)

2017-18 ൽ ആരംഭിച്ച മേൽപ്രോജക്ട് പ്രകാരം പമ്പ്ഹൗസ്, കിണർനിർമ്മണം, ടാങ്ക് പൈപ്പ് ലൈൻ എന്നിവക്കാണ് തുകവകയിരുത്തിയത്. പ്രോജക്ടിന്റെ എസ്റ്റ്മേറ്റ് ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടിൽ ജില്ലാപഞ്ചായത്ത് വിഹിതമായി 500000രൂപ വകയിരുത്തിയിട്ടുണ്ടെ ങ്കിലും ആയത് പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. പ്രോജക്ടിന്റെ വർക്ക്ബിൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് വിഹിതം വിനിയോഗിച്ച് പൈപ്പിടുന്ന ജോലിമാത്രമാണ് നിർവഹിച്ചിരിക്കുന്നത്. ആയതിന് ആകെ

454189രൂപ കരാറുകാരൻ ഫൈനൽ ബില്ലിനത്തിൽ കൈപ്പറ്റിയിട്ടുണ്ട്. പ്രോജക്ടിൽ കിണർ നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക് തുകവകയിരുത്തിയതിൽ പഞ്ചായത്ത് വിഹിതം വിനിയോഗിച്ച് പൈപ്പിടൽ ജോലിമാത്രം പൂർത്തീകരിച്ചതിന്റെ കാരണം വിശദമാക്കിയിട്ടില്ല. 3-8-2019ന് പഞ്ചായത്ത് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ കുടിവെള്ള പ്രദേശം നേരിൽ സന്ദർശിച്ചതിൽ പദ്ധതിക്കുള്ള കിണർ, ടാങ്ക്, പമ്പ്ഹൗസ് എന്നിവ ജില്ലാപഞ്ചായത്ത് മുഖേന നേരിട്ട് പണി കഴിപ്പിച്ചതായികണ്ടു. ഗ്രാമപഞ്ചായത്ത് പൈപ്പ് ലൈനിന്റെ പണിയും പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രവർത്തികളായ വൈദ്യുതി ലഭ്യമാക്കൽ, മോട്ടോർ സ്ഥാപിക്കൽ എന്നിവ ഏത് തദ്ദേശ സ്ഥാപനം നടത്തുമെന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഈ ഇനങ്ങളിൽ 19-20 സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിക്കാണുന്നില്ല. കുടിവെള്ള പദ്ധതിയുടെ വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കിയും പദ്ധതി പൂർത്തീകരിക്കാനാവശ്യമായ പ്രൊജക്ടുകൾ നടപ്പിലാക്കിയും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

<u>1-13.14.ഡയറി ഫാംഇൻസ്ട്രക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ</u>

(1)ക്ഷീര കർഷകർ അളക്കുന്നപാലിന് ഇൻസെന്റീവ്

പ്രോജക്ട് നം – 29/2018-19

അടങ്കൽ – 400000(പൊതുവിഭാഗം സാധാരണ വിഹിതം-200000; ജില്ലാ പഞ്ചായത്ത് വിഹിതം – 200000)

ചെലവ് – 187213(ട്രഷറി ബിൽ നം1/2018-19 തിയ്യതി-31.12.2018)

മേൽ പ്രോജക്ടിന് 400000/- രൂപ വകയിരുത്തി എങ്കിലും 187213/- രൂപ മാത്രമാണ് ചെലവഴിച്ചത്. 2018 ഏപ്രിൽ, 2018 മേയ് മാസങ്ങളിലായി 181 കർഷകർക്കാണ് മേൽ തുക വിതരണം ചെയ്തത്. ഗുണഭോക്താക്കളായ ക്ഷീര കർഷകരുടെ ബാങ്ക് അക്കൌണ്ടിലേക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ആയാണ് തുക വിതരണം ചെയ്തത്. ഒരു ലിറ്റർ പാലിന് 4/- രൂപയോടടുത്ത തുകയാണ് വിതരണം ചെയ്തിരിക്കുന്നത്. മേൽ പ്രോജക്ട് നടപ്പിലാക്കിയതിലെ അപാതകതൾ ചുവടെ ചേർക്കുന്നു.

1-2018 ജൂൺ മാസം മുതൽ അവശേഷിക്കുന്ന 10 മാസത്തേക്ക് തുക വിതരണം ചെയ്തിട്ടില്ല.

2-ജില്ലാ പഞ്ചായത്തിൽ നിന്നും പ്രോജക്ടിലേക്ക് 200000/- രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 100000/- രൂപ മാത്രമാണ് സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് മുഖേന ലഭ്യമായത്. എന്നാൽ ലഭ്യമായ 100000/- രൂപ യഥാസമയം വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ എക്കൌണ്ടിൽ അവശേഷിച്ചിരിക്കുന്നു. ലഭ്യമായ തുക യഥാസമയം വിനിയോഗിക്കാത്തതിനും ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായും ലഭ്യമാക്കാത്തതിനും കാരണം വിശദമാക്കിയിട്ടില്ല. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് സ.ഉ-11/2018 തിയ്യതി-29.01.2018 ഖ.3.5.4 പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് കൊണ്ട് പ്രോജക്ടുകൾ

നടപ്പിലാക്കുകയും ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ലാ പഞ്ചായത്ത് വിഹിതം തിരിച്ചടവാക്കുകയും ചെയ്യേണ്ടതാണ്.

(2)കറവപ്പശുക്കൾക്ക് കാലിത്തീറ്റ

പ്രോജക്ട് നം – 30/2018-19

അടങ്കൽ – 200000(പൊതു വിഭാഗം സാധാരണ വിഹിതം-100000/-; മറ്റുള്ളവ-100000/-)

ചെലവ് – 200000(ട്രഷറി ബിൽ നം-02/2018-19 തിയ്യതി-06.03.2019 തുക-100000/-; ഗു.വിഹിതം-100000)

83 കർഷകർക്ക് കാലിത്തീറ്റ വിതരണം നടത്തിയിട്ടുള്ളത്. 2018 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലായാണ് കാലിത്തീറ്റ വിതരണം നടത്തിയത്. തുക അപര്യാപ്തമായതിനാൽ 9 മാസങ്ങളിലേയ്ക്ക് കീലിത്തീറ്റ വിതരണം നടത്തിയിട്ടില്ല. തുടർ വർഷങ്ങളിൽ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ആവശ്യമായ വിഹിതം വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-13.15.നെൽകൃഷിക്ക് കൂലി ചെലവ്- ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭ്യമായില്ല</u>

പ്രൊജക്ട് നമ്പർ – 11/19

വകയിരുത്തിയ തുക – 510000 (വികസന ഫണ്ട് 180000, ബ്ലോ.പ 330000)

ചെലവുതുക – 330000 (വികസന ഫണ്ട് 180000, ബ്ലോ.പ 150000)

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയമേൽ പ്രൊജക്ട് പ്രകാരം നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 17000 രൂപപ്രകാരം 30 ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്ക് കൂലി ചെലവുതുക വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ടിൽ 510000 രൂപ വകയിരുത്തിയത്. ബ്ലോക്ക്പഞ്ചായത്ത് വിഹിതമിനത്തിൽ 330000 രൂപ വകയിരുത്തിയതിൽ 150000 രൂപ മാത്രമെ സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുള്ളൂ. ബ്ലോക്ക്പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിയ തുക പൂർണമായും ലഭ്യമാവാത്തതിനാൽ കർഷകർക്ക് അർഹമായ തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. സ.ഉ.നമ്പർ 11/18 ത സ്വ.ഭ.വ.തിയ്യതി 29.11.18 ഖണ്ഡിക 3.5.4 പ്രകാരം ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഹിതം വകയിരുത്തി അതിൽ ഒരു തദ്ദേശഭരണസ്ഥാപനത്തെ മുഖ്യപങ്കാളിയായി നിശ്ചയിച്ച് നിർവഹണം നടത്തുന്ന സംയുക്തപ്രോജക്ടുകളുടെ രൂപീകരണവും നിർവഹണവും സംബന്ധിച്ചുള്ള മാർഗനിർദേശങ്ങൾ പാലിക്കപ്പെടാത്തതാണ് ബ്ലോക്ക്പഞ്ചായത്ത് വിഹിതം പൂർണമായും ലഭ്യമാവാത്തതിന് കാരണം. മേൽ ഖണ്ഡികയിൽ സംയുക്തപ്രോജക്ടുകളിൽ പങ്കാളികളാകുന്ന സ്ഥാപനങ്ങൾ തമ്മിൽ നിർവഹണം ആരംഭിക്കുന്നതിന് മുമ്പ് ഒരു കരാറിലേർപ്പെടേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും അത്തരമൊരു

കരാറിലേർപ്പെട്ടതായും കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയും. വരും വർഷങ്ങളിൽ സംയുക്തപ്രോജക്ടുകളുടെ രൂപീകരണവും നിർവഹണവും സംബന്ധിച്ചുള്ള മാർഗനിർദേശങ്ങൾ പാലിച്ചുംസംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കിയും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

**<u>1-13.16.മരാമത്ത് പ്രവർത്തികളുടെ ഫയൽ സൂക്ഷിപ്പിൽ അപാകത</u>**

സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളുടെ ഫയൽ സൂക്ഷിപ്പിൽ താഴെപ്പറയുന്ന അപാകതകള്‍ കാണുന്നു.

1 ടെണ്ടർ സ്വീകരിച്ച് 7 ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായി രേഖാമൂലം കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകേണ്ടതാണെങ്കിലും മിക്ക ഫയലുകളിലും സെലക്ഷൻ നോട്ടീസ് നൽകിയതായി കാണുന്നില്ല.

2 സെക്യൂരിറ്റി നിക്ഷേപം, പെർഫോമൻസ് ഗാരന്റി എന്നിവ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമായിട്ടില്ല.

3 കരാറുകാരന് സൈറ്റ് കൈമാറുന്നതിന്റെ രേഖകൾ മിക്ക ഫയലുകളിലും ലഭ്യമായിട്ടില്ല

4 ചില പ്രവർത്തികളുടെ ഫയലുകളിൽ വർക്ക് ബില്ലുകൾ ലഭ്യമായിട്ടില്ല. ഉദാ. കുത്താളി – കുത്താളി തെരു റോഡ്.

5 ലഭ്യമായ വർക്ക് ബില്ലുകളിൽ ചിലതിൽ മെമോ ഓഫ്പേമന്റ് രേഖപ്പെടുത്തിയിട്ടില്ല.
ഉദാ- ട്രാൻസ്ഫോമർമുക്ക്-മുണ്ടൊട്ടിൽ റോഡ്.

6 പ്രവർത്തികളുടെ പൂർത്തികരണം സംബന്ധിച്ച് മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അവ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**<u>1-13.17 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെ വിതരണം ചെയ്തു.</u>**

പ്രൊജക്ട് നമ്പർ – 14/18-19

വകയിരുത്തിയ തുക – 386320

ചെലവുതുക – 370860 (ബിൽ നമ്പർ 3/18-19 തി 15.1.19)

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി മേൽ പ്രൊജക്ടുപ്രകാരം 14 എസ്.സി വിദ്യാർത്ഥികൾക്ക് ടെണ്ടർ നടപടികളിലൂടെ ഇൻഫോസാപ് സിസ്റ്റം പേരാമ്പ്ര എന്ന സ്ഥാപനത്തിൽനിന്നും ലാപ് ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട

പ്രൊജക്ട്, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ പ്രൊജക്ട് നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സബ്സിഡി മാർഗരേഖ സ.ഉ.എം.എസ്. നമ്പർ22/18 ത.സ്വ.ഭ.വ. തിയ്യതി 14.2.18 ഖണ്ഡിക 7.2.8. പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമെ ഈ ആനുകൂല്യം നൽകാൻ പാടുള്ളൂ. പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭ്യമാക്കിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകിയ ശേഷം മാത്രമെ ഈ ആനുകൂല്യം നൽകാൻ പാടുള്ളൂ. എന്നാൽ അത്തരമൊരു സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്.

2. മേൽ മാർഗരേഖ ഖണ്ഡിക 7.2.9 പ്രകാരം പാരലൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയതിനുശേഷമാണ് ആനുകൂല്യം വിതരണം ചെയ്യേണ്ടത് എന്നാൽ പ്രൊജക്ട് പ്രകാരം ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളിൽ ഒരാളായ സ്നേഹ V.S D/O വിജയൻ, മേഴ്സി കോളേജ് പേരാമ്പ്രയിൽ ബി.കോം വിദ്യാർത്ഥിനിയാണ്. വിദ്യാർത്ഥിനിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ലഭ്യമാക്കാതെയാണ് ലാപ് ടോപ്പ് വിതരണം ചെയ്തിരിക്കുന്നത്.

3. പ്രൊജക്ട് പ്രകാരം 13 ഗുണഭോക്താക്കൾക്കാണ് ലാപ് ടോപ്പ് വിതരണത്തിന് തുക വകയിരുത്തിയതെങ്കിലും 14 പേർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

4. ലാപ് ടോപ്പുകൾ വിതരണം ചെയ്ത ഗുണഭോക്താക്കളിൽ ചിലർ **സാമ്പത്തിക വർഷത്തിൽ** ലാപ് ടോപ്പ് കൈപറ്റുന്ന ഘട്ടത്തിൽ തങ്ങളുടെ കോഴ്സിന്റെ അവസാന ഘട്ടത്തിലാണ്.ഇത്തരം വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിലൂടെ പ്രൊജക്ട്പ്രകാരം ഉദ്ദേശിച്ച ഫലം ലഭിക്കാതെ വരും.രേഖകളുടെ അഭാവത്തിൽ ചെലവ് തുക 370860/- രൂപ തടസ്സത്തിൽ വെക്കുന്നു.

ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയും ,തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെ പ്രൊജക്ടുകൾ നടപ്പിലാക്കിയും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-13.18.ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | 73/ 19 |
| അടങ്കൽ | 200000 |
| ഫണ്ട് | എം.ജി (എൻ.ആർ) |
| ചെലവ് | 200000/- |
| ബിൽ നം. തി. | 01/18-19 /26.3.2019 |

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ ഹോംകോയ്ക്ക് രണ്ട് ലക്ഷം രൂപ കൈമാറിയിട്ടുണ്ട്.എന്നാൽ 52622/- (ബിൽനം.എൽ.എഫ്/161/11.05.2019) രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കിവരുന്ന മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് മെഡിക്കൽ ഓഫീസറോട് വിശദീകരണം ആരാഞ്ഞതിൽ, ഹോംകോയ്ക്ക് ബാക്കിവരുന്നമരുന്നുകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും മരുന്നുകൾ ലഭിക്കുന്നമുറയ്ക്ക് ഓഡിറ്റിനെ അറിയിക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്. ഹോംകോയിൽ നിന്ന് ബാക്കി ലഭിക്കാനുള്ള മരുന്നുകൾ കൂടി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>1-13.19.ലൈഫ് ഭവനപദ്ധതി -അവലോകനം</u>

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ലക്ഷ്യം. ഭൂമിയുള്ള ഭവന രഹിതർ, ഭൂമിയില്ലാത്ത ഭവന രഹിതർ, ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് ലൈഫ് ഭവന പദ്ധതി സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനും, ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സഹ അദ്ധ്യക്ഷനുമായ സംസ്ഥാനതല പാർപ്പിടമിഷൻ രൂപീകരിച്ചിട്ടുണ്ട്. 3 ഘട്ടങ്ങളിലായി നടപ്പിലാക്കുവാനാണ് ലൈഫ് വിഭാവനം ചെയ്തിരിക്കുന്നത്.

ലൈഫ് മിഷൻ ഘടന

അധ്യക്ഷൻ-മുഖ്യമന്ത്രി

സഹ അദ്ധ്യക്ഷൻ-തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

ഉപ അധ്യക്ഷൻ-ധനകാര്യം, ഭവന നിർമ്മാണം, സാമൂഹിക നീതി, വൈദ്യുതി, ജല വിഭവം, തൊഴിൽ, പട്ടികജാതി-പട്ടിക വർഗ്ഗ വികസനം, മത്സ്യബന്ധനം എന്നീ വകുപ്പ് മന്ത്രിമാർ

പ്രത്യേക ക്ഷണിതാവ്-പ്രതിപക്ഷ നേതാവ്

മിഷൻ സെക്രട്ടറി-തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി

മിഷൻ അംഗങ്ങൾ -ചീഫ് സെക്രട്ടറി

2017-18 സാമ്പത്തിക വർഷത്തിലാണ് ലൈഫ് ഭവനപദ്ധതി പ്രോജക്ട് കുത്താളി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചത്. പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (സ്പിൽ ഓവർ-ജനറൽ), പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (സ്പിൽ ഓവർ-എസ്സ്.സി) എന്നീ രണ്ട് പ്രോജക്ടുകളിലുമായി 19 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത് (14 ജനറൽ+5 എസ്സ്.സി ) 2017-18 വർഷം 4 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കി (3 ജനറൽ+1 എസ്സ്.സി). വിവിധ ഭവനപദ്ധതികളിലായി മുന്നേ അനുവദിച്ച തുകയുടെ ബാക്കി തുക 4 ലക്ഷത്തിന്റെ ആനുപാതികമായി കണക്കാക്കിയാണ് വിതരണം ചെയ്തത്. (ബേസ് റേറ്റ് -3 ലക്ഷം).

2017-18 ൽ വീട് പണി പൂർത്തിയാക്കാത്ത 15 പേർക്കും(11 ജനറൽ+4എസ്സ്.സി ) 2018-19 വർഷത്തിലേക്ക് സ്പിൽ ഓവറായി ഉൾപ്പെടുത്തിയ -"പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം-പ്രോജക്ട് നം-106", പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം-എസ്സ്.സി-പ്രോജക്ട് നം-107" എന്നീ പ്രോജക്ടുകളിലൂടെ വീട് നിർമ്മാണം പൂർത്തിയാക്കി. കൂടാതെ പ്രോജക്ട് നം-48 പ്രകാരം ഭവനരഹിതർക്ക് വീട് ലൈഫ് മിഷൻ പദ്ധതിയിൽ 20% നിർബന്ധിത വകയിരുത്തലിൽ ഉൾപ്പെടുത്തി 14 പേരുടെ ഭവനനിർമ്മാണം പൂർത്തിയാക്കി. 50000/- അഡ്വാൻസ് കൈപ്പറ്റിയിട്ടും ശ്രീ.മനോജ് ചാത്തോത്ത്മീത്തൽ എന്നയാൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ പുതുതായി ജനറൽ വിഭാഗത്തിൽ 57 പേരെയും, എസ്സ്.സി വിഭാഗത്തിൽ 3 പേരെയും ഭവനനിർമ്മാണത്തിന് പരിഗണിച്ചു. ലൈഫ് മിഷൻ ഗ്രാമപഞ്ചായത്തിൽ സർവ്വേ നടത്തിയ ലിസ്റ്റ് അനുസരിച്ച് ഗ്രാമസഭ,ഭരണ സമിതി എന്നിവ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റാണ് പരിഗണിച്ചത്. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതി ഗുണഭേക്താക്കൾ-19 കുടുംബങ്ങൾ
(15 ജനറൽ + 4എസ്സ്.സി)

2017-18 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചവർ-4 കുടുംബങ്ങൾ
(3 ജനറൽ+1എസ്സ്.സി)

2018-19 സാമ്പത്തിക വർഷത്തിലേക്ക് വീട് പണി പൂർത്തീകരിക്കാൻ ബാക്കിയുള്ള 15 ഗുണഭോക്താക്കളെയും പരിഗണിച്ചു.

2018-19 വീട് പണി പൂർത്തീകരിച്ചവർ-14 കുടുംബങ്ങൾ

2017-18 വർഷത്തിൽ തുക ലഭ്യമായിട്ടും 2018-19 ൽ വീട് പണി പൂർത്തീകരിക്കാത്ത ആളുകളുടെ എണ്ണം-1(ശ്രീ.മനോജ് ചാത്തോത്ത് മീത്തൽ )

ഫേസ്-2

2018-19 വർഷത്തിലെ പുതിയ ഗുണഭോക്താക്കൾ -60 കുടുംബങ്ങൾ (57 ജനറൽ+3 എസ്സ്.സി)

2018-19 പണി പൂർത്തീകരിച്ചവർ-6 കുടുംബങ്ങൾ

2019 മാർച്ച്-31 ൽ പണി പൂർത്തീകരിക്കാൻ ബാക്കിയുള്ളവർ – 55 പേർ (1 ആൾ 2017-18 ലെ ഗുണഭോക്താവാണ്)

## 1-13.20.അംഗൻവാടികെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് 3 ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. 29-03-2017 ലെ ജി.ഒ (എം.എസ്) 72/2017/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 12.13.2(1) പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്.

കൂത്താളി ഗ്രാമപഞ്ചായത്തിൽ മൂന്ന് വയസിനും ആറ് വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ എണ്ണം 573 ആണ്. 17 അങ്കണവാടികളിൽ 289 കുട്ടികൾ ഹാജരാകുന്നുണ്ട്. 22.03.2011ലെ നം.31055/ഡി.സി.2/2011/ ത.സ്വ.ഭ.വ നമ്പർ കേരള സർക്കാർ സർക്കുലറിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ കൂത്താളി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ പരിശോധിച്ച് എഞ്ചിനീയർ/ഓവർസീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. 14.09.2018 ന് ഭരണസമിതി യോഗത്തിൽ (അജണ്ട -10, തീരുമാന നം -7) പഷ്ണിപറമ്പ് അംഗൻവാടി അടുക്കളമുറിയുടെ ചുമരിൽ വിള്ളൽ ഉള്ളതുമായി ബന്ധപ്പെട്ട് അംഗൻവാടി വർക്കർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സൈറ്റ് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അസി.എഞ്ചിനിയറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചെങ്കിലും പ്രശ്നം ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. 2018-19 ൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ച് കാണുന്നില്ല. സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുവേണ്ടിയുള്ള പരിശോധന അങ്കണവാടി കെട്ടിടങ്ങളിൽ കൃത്യമായി നടത്തിയാൽ പ്രശ്നം സമയബന്ധിതമായി പരിഹരിക്കാനാകും.

**1-13.21.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം വരെ 3905 കുടുംബങ്ങളിൽ നിന്നായി 8126 പേർ തൊഴിൽ കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 2722 കുടുംബങ്ങളിൽ നിന്നായി 3161 പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്കുതന്നെ തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സാമ്പത്തികവർഷം ആകെ 193636 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടുകയും ആയതിന് തൊഴിലാളികളുടെ കൂലി ഇനത്തിൽ 56031589 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.(അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലി 52610989, വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി 3420600). കൂടാതെ മെറ്റീരിയൽ ഇനത്തിൽ 1578773 രൂപയും ജീവനക്കാർക്കുള്ള ശമ്പളവും മറ്റുമായി 1578773 രൂപയുമടക്കം സാമ്പത്തികവർഷത്തെ ആകെ ചെലവ് 59109255 രൂപയാണ് . ഷെൽഓഫ് പ്രൊജക്ട് പ്രകാരം സാമ്പത്തികവർഷത്തിൽ 348 പ്രൊജക്ടുകളിലായി 84756500 രൂപ വകയിരുത്തിയതിൽ 298 പ്രവർത്തികളിലായി 57610362 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ആയതിൽ 770 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമാക്കിയിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ ഭൂരിഭാഗവും മണ്ണ് ജലസംരക്ഷണ പ്രവർത്തികളാണ്.

പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ മെറ്റീരിയൽ പ്രവർത്തികളുടെ ഫയലുകളിലൊന്നും തന്നെ സൈറ്റ് ഡയരി വേണ്ടവിധം ഉൾപ്പെടുത്തിയിട്ടില്ല. സൈറ്റ് ഡയറിയിൽ തൊഴിലാളികളുടെ പ്രൊജക്ട് മീറ്റിംഗ് സംബന്ധിച്ച വിവരം.മറ്റ് അവശ്യ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. പ്രവർത്തികൾക്കൊന്നുംതന്നെ വർക്ക് ബിൽ തയ്യാറാക്കി കാണുന്നില്ല. കൂടാതെ തൊഴിലാളികളുടെ ബാങ്ക് എകൗണ്ടിലേക്ക് കൂലി ട്രാൻൻസ്ഫർ ചെയ്തതിന്റെ രേഖകളും പ്രവർത്തികളുടെ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വരവ്-വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

വരവ് നഷ്ടം ഇല്ല

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

വ്യക്തമായ ചെലവ് നഷ്ടമില്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 19.07.2019-20.07.2019 | കെ.എസ്.എ.കെ.കെ.ഡി./ ഇ2/ 887/2019(31) |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | നെൽകൃഷി കൂലിചെലവ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 75000 | ശാരീരിക-മാനസിക വെല്ലുവിളി | 75000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 114023 | ഭവന രഹിതർക്ക് വീട്-ലൈഫ് (എസ്സ്.സി) | 114023 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 998744 | ഭവനരഹിതർക്ക് വീട് -ലൈഫ് ജനറൽ | 998744 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | ക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് ഇൻസെന്റീവ് | 0 | 100000 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വെമ്മേരിക്കണ്ടി നാഗത്ത് പുതിയോട്ടിൽ പൈപ്പ് ലൈൻ നീട്ടൽ | 21800756 | 166000 | 0 | 166000 |
| കേരള വാട്ടർ അതോറിറ്റി | ആശാരി പറമ്പത്ത് പൈപ്പ് ലൈൻ നീട്ടൽ | 21800755 | 640000 | 0 | 640000 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കട്ടയാട്ട് പുത്തൻപുരയ്ക്കൽ പൈപ്പ് ലൈൻ നീട്ടൽ | 21800757 | 146200 | 0 | 146200 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8878569 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 407/10/ തസ്വഭവ തി.05.02.2010 | 2018-19 | 0 | 1111191 | 716185 | 0 | 395006 |
| ലൈഫ് ഭവന പദ്ധതി | | 2018-19 | 8878569 | 0 | 0 | 0 | 8878569 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2779 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 1996-97 | 27C | 279 | ശ്രീ.കെ.എസ് തുളസീദാസ് സെക്രട്ടറി | 118010100113/ 27.04.2018 |
| 1998-99 | 35 | 2500 | ശ്രീ.കെ.പി രാജീവൻ പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ | 118010102135/ 03.05.2018 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട്

ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-1 | 2005-06 | 2.70,1.1.2 | പാവടിക്കുന്നുമ്മൽ താഴെ നടപ്പാത | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 2-1 | 2005-06 | 2.70,1.2.3 | കാഷ് ബുക്ക് പൂർണമല്ല | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 3-9 | 2005-06 | 2.70,1.3.3 | വനിത തൊഴിൽ പരിശീലനം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | - | 2005-06 | 2.70,1.9.1 | തൊഴിലില്ലായ്മ വേതനം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2001-02 | 3-3 | 2005-06 | 2.70,1.9.3 | തൊഴിലില്ലായ്മ വേതനം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2001-02 | 2-1 (സി,ഡി) | 2005-06 | 2.70,1.11.6 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൂർണമല്ല | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 2 | 2005-06 | 2.70,1.14.2 | നികുതി പിരിവ് അലംഭാവം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ഓഡിറ്റ് റിപ്പോർട്ട് വർഷം | സർചാർജ് നം | ഖണ്ഡിക നം | തുക | റിമാർക്സ് |
|---|---|---|---|---|
| 2007-08 | സർചാർജ് സർട്ടിഫിക്കറ്റ് നം.<br>എൽ.എഫ്. 11113/ സ്പെ.സെൽ/ എസ് സി 2/2013<br>തീയതി-27.10.01 | 3-9 (ഭാഗികം | 3490<br>3490<br>3490<br>3490<br>3490<br>ആകെ 17450 | ഈടാക്കിയ വിവരം ലഭ്യമല്ല. |
| 1996-97 | സർചാർജ് സർട്ടിഫിക്കറ്റ് നം.<br>എൽ.എഫ്.4223/ സ്പെ.സെൽ/ എസ് സി 1/2000<br>തീയതി-29-11-2001 | 27-സി | 279 | റസീതി നം 118010100113 തിയതി 27-04-2018 പ്രകാരം തുക അടവാക്കി |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 54390672 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 52301487 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല് |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1822118/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13-08 | 44983 | ഡോ.അഭിലാഷ്.ആർ.ജെ<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി |
| 1-13.11 | 1406275 | ജേക്കബ് ജോർജ്<br>സെക്രട്ടറി,<br>ശ്രീ മനോജ് വി.കെ വി.ഇ.ഒ,<br>ശ്രീ.മുജീബ് സി.<br>കൃഷി ഓഫീസർ |
| 1-13.17 | 370860 | ശ്രീ.രാധാകൃഷ്ണൻ ടി.<br>ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1.13-10 | 26576/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ജേക്കബ് ജോർജ്<br>സെക്രട്ടറി, | സെക്രട്ടറി<br>കുത്താളി<br>ഗ്രാമപഞ്ചായത്ത് | നെടിയ നിരപ്പിൽ വീട്<br>കല്ലായി പി.ഒ<br>673003 |
| ശ്രീ മനോജ് വി.കെ<br>വി.ഇ.ഒ, | വി.ഇ.ഒ.<br>കുത്താളി<br>ഗ്രാമപഞ്ചായത്ത് | വണ്ണാർകണ്ടി വീട്<br>കാരയാട് പി.ഒ |
| ശ്രീ.മുജീബ് സി.<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കൃഷി ഭവൻ,<br>കുത്താളി | ദാറുൽ നിമ<br>നന്മണ്ട. |
| ശ്രീ.രാധാകൃഷ്ണൻ.ടി | ഹെഡ്മാസ്റ്റർ<br>പൈതോത്ത്<br>എൽ.പി.സ്കൂൾ | താവോളി വീട്<br>ചേനോട്ടി.പി.ഒ<br>673 525 |
| ഡോ.ശബരീഷ് | വെറ്റിനറി സർജൻ<br>വെറ്റിനറി ഡിസ്പെൻസറി<br>കിഴക്കൻ പേരാമ്പ്ര | ഹരിശ്രീ (വീട്)<br>തേവങ്ങാടി<br>അമ്പാലപീടിക<br>എരഞ്ഞിക്കൽ<br>673 303 |
| ഡോ.അഭിലാഷ്.ആർ.ജെ | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | അയായ,<br>കൊളക്കാട്ട് HP പമ്പിന് സമീപം<br>കാലിക്കറ്റ് യൂണിവേഴ്സിറ്റി<br>(പി.ഒ)<br>മലപ്പുറം – 673 635 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച<br>ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2006-07 | കെ എസ് എ കെ ഡി പി 4/528/18(2) തിയതി 30-04-18 | 1 | 3-10 |
| 2007-08 | കെ എസ് എ കെ കെ ഡി പി 4/528/18(3) തിയതി 30-04-18 | 6 | 3-9,3-11,3-12,<br>3-20,3-21,3-22 |
| | | | |

| | | | |
|---|---|---|---|
| 2008-09 | കെ എസ് എ കെ കെ ഡി പി 4/528/18(4) തിയതി 30-04-18 | 2 | 3-4,3-8 |
| 2009-10 | കെ എസ് എ കെ കെ ഡി പി 4/528/18(5) തിയതി 30-04-18 | 1 | 3-3 |
| 2010-11 | കെ എസ് എ കെ കെ ഡി പി 4/528/18(6) തിയതി 30-04-18 | 3 | 3-3,3-6,3-8 |
| 2011-12& 2012-13 | കെ എസ് എ കെ കെ ഡി പി 4/528/18(7) തിയതി 30-04-18 | 3 | 3-5,3-19,3-20 |
| 2013-14& 2014-15 | കെ എസ് എ കെ കെ ഡി പി 4/1658/15 തിയതി 07/04/15 | 14 | 3-1,3-2(3),3-4, 3-5, 9,3-10, 3-11(1),(2),(3),(4),3-12,3-13, 3-15,3-16,3-17, 3-18,4-1, |
| 2015-16 | കെ എസ് എ കെ കെ ഡി പി 4/2180/17 തിയതി 02-06-17 | 10 | 2-1-2,2-3,2-4, 2-5, 3-3,3-6, 3-8,3-11,3-12, 3-13 |
| 2016-17 | കെ എസ് എ കെ കെ ഡി പി 4/2440/17 തിയതി 20-02--18 | 14 | 2-1,2-5,3-2,3-3, 3-5, 3-6,3-7,3-8, 3-9, 3-11,3-12, 3-13, 3-16, 3-17 |
| 2017-18 | കെ എസ് എ കെ കെ ഡി പി 4/2676/18 തിയതി-28-12-2018 | 23 | 1-12(4),1-12(5), 2-1,2-2, 2-3,3-1, 3-2,3-3,3-4,3-5, 3-6,3-8,3-9,3-10, 3-11,3-13,3-14, 3-16,3-17,3-18, 3-19,3-20, 3-21 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി.പി4/1514/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:07.09.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുത്താളി ഗ്രാമപഞ്ചായത്ത് 2018-19

സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ (ഖണ്ഡിക 1-11 കാണുക) പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്